# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1200 01.07.2015-ൽ മറുപടിയ്ക്ക്

### സീറോ ലാന്റ് ലെസ് പദ്ധതി

<u>ചോദ്യം</u>

ശ്രീ.തോമസ് ചാണ്ടി

<u>മറുപടി</u>

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | സീറോ ലാന്റ് ലെസ് പദ്ധതിപ്രകാരം ( Zero Landless) പട്ടയം ലഭിച്ചവർക്ക് ഭൂമി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) കോടതി കേസുകൾ, തർക്കങ്ങൾ എന്നിവ മൂലം ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി ലഭിച്ചിട്ടില്ലായെന്ന് ചുരുക്കം ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടയം നൽകിയവർക്ക് ഭൂമിയുടെ കൈവശം വിട്ടുകൊടുക്കുന്ന നടപടി ജില്ലകളിൽ പുരോഗമിച്ച് വരുന്നു. കോടതി കേസുകൾ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സാമൂഹിക സംഘടനകൾ എന്നിവയുടെ ഇടപെടലുകൾ എന്നിവമൂലം ഭൂമി കൈമാറാൻ കഴിയാത്ത സാഹചര്യങ്ങൾ സംസ്ഥാനത്ത് ചില സ്ഥലങ്ങളിൽ നിലനിൽക്കുന്നുണ്ട്. |
| (ബി) | കുട്ടനാട്ടിൽ പട്ടയം വിതരണം ചെയ്ത എത്രപേർക്ക് ഭൂമി ലഭിച്ചുവെന്നും ഇനി എത്രപേർക്ക് ലഭിക്കുവാനുണ്ടെന്നുമുള്ള റിപ്പോർട്ട് ലഭ്യമാക്കുമോ ? | (ബി) കുട്ടനാട് താലൂക്കിൽ പദ്ധതിയുടെ ഒന്നാം ഘട്ടമായി 51 ഗുണഭോക്താക്കൾക്ക് പട്ടയം വിതരണം ചെയ്തിരുന്നു. പട്ടയം നൽകിയ എല്ലാപേർക്കും ഭൂമി കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ